**STATE COUNCIL OF EDUCATIONAL RESEARCH AND TRAINING (SCERT)**

**VIDYABHAVAN, POOJAPPURA, THIRUVANANTHAPURAM, KERALA - 695012**

**Phone: (0471) 2341883 (P), 2340323(O)**

**Fax: (0471) 2341869**


**14.03.2023**

# ***അറിയിപ്പ്***

സർ/മാഡം,

***വിഷയം : പാഠപുസ്തകരചന-അധ്യാപകരുടെ പാനൽ തയാറാക്കുന്നത് സംബന്ധിച്ചുള്ള അഭിരുചി പരീക്ഷയുടെ അറിയിപ്പ്***

കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ടുള്ള പാഠപുസ്തകരചനയ്ക്ക് സ്കൂൾ അധ്യാപകരിൽ നിന്നും വിരമിച്ച സ്കൂൾ അധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിരുന്നു(രണ്ടാം ഘട്ടം). ഓരോ വിഷയത്തിനും ആവശ്യമായ അധ്യാപകരുടെ പാനൽ എഴുത്തു പരീക്ഷയുടെയും തുടർന്നുള്ള അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തയ്യാറാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിലേക്കുള്ള എഴുത്ത് പരീക്ഷ ഏഴ് ജില്ലാകേന്ദ്രങ്ങളിൽ വച്ച് 2023 മാർച്ച് 19 ന് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഉച്ചയ്ക്ക് ശേഷം 2 മണി മുതൽ 4 മണി വരെയാണ് പരീക്ഷാസമയം. പങ്കെടുക്കുന്നവർ അന്നേ ദിവസം ഉച്ചയ്ക്ക് 1.30 ന് മുമ്പ് പരീക്ഷാകേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്റ്റർ നമ്പർ അതത് കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതാണ്.

ആകെ 7 പരീക്ഷാകേന്ദ്രങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു.

1) തിരുവനന്തപുരം, കൊല്ലം & പത്തനംതിട്ട (തിരുവനന്തപുരം കേന്ദ്രം)
   പരീക്ഷാകേന്ദ്രം : ജി വി എച്ച് എസ് എസ്, മണക്കാട്, തിരുവനന്തപുരം
2) കോട്ടയം & ഇടുക്കി (കോട്ടയം കേന്ദ്രം)
   പരീക്ഷാകേന്ദ്രം: മൗണ്ട് കാർമൽ ഗേൾസ് എച്ച് എസ്, കഞ്ഞിക്കുഴി, കോട്ടയം
3) ആലപ്പുഴ (ആലപ്പുഴ കേന്ദ്രം)
   പരീക്ഷാകേന്ദ്രം : സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ, കായംകുളം
4) എറണാകുളം, തൃശൂർ &പാലക്കാട് (തൃശൂർ കേന്ദ്രം)
   പരീക്ഷാകേന്ദ്രം: ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച് എസ് എസ്, തൃശൂർ
5) മലപ്പുറം(മലപ്പുറം കേന്ദ്രം)
   പരീക്ഷാകേന്ദ്രം: ജി വി എച്ച് എസ് എസ് ഫോർ ഗേൾസ്, ബി പി അങ്ങാടി, തിരൂർ, മലപ്പുറം

6) കോഴിക്കോട് & വയനാട് (കോഴിക്കോട് കേന്ദ്രം)

പരീക്ഷാകേന്ദ്രം: ഗവണ്മെന്റ് മോഡൽ ഹയർ സെക്കന്ററി സ്കൂൾ, മാനാഞ്ചിറ, കോഴിക്കോട്

7) കണ്ണൂർ & കാസറഗോഡ് (കണ്ണൂർ കേന്ദ്രം)

പരീക്ഷാകേന്ദ്രം: ഗവണ്മെന്റ് ടി. ടി.ഐ. ഫോർ മെൻ, കണ്ണൂർ

അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാപേരും കൃത്യസമയത്ത് എത്തി പരീക്ഷയിൽ പങ്കെടുക്കണം എന്നറിയിക്കുകയാണ്.

**ഡയറക്ടർ**